LIBRARY ARCHIVES Kerala Legislative Assembly

എന്റെ അഭിപ്രായം. 44 നദികൾക്കകത്ത് പല നദികളും നശിക്കുന്നു ; മരിക്കുന്നു. ഇതാണ് സത്യം പറഞ്ഞാൽ കേരളം ഇന്ന് കേട്ടുകൊണ്ടിരിക്കുന്നത്. അത് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കണം. അതിന് ലളിതമായ തുടക്കങ്ങൾ ഞങ്ങൾ കുറിച്ചിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞു. നദികളുടെ രൂപരേഖ മാത്രമാണ് നമ്മൾ വേനൽക്കാലത്ത് കാണുന്നത്. നദികളെ കാണാൻ നമുക്ക് കഴിയുകയില്ല. നദികളുടെ സ്കെച്ചാണ് കാണുന്നത്. ചില സ്ഥലങ്ങളിൽ വലിയ കുന്നാണ് കാണുന്നത്. ചില സ്ഥലങ്ങളിൽ മരങ്ങൾ വനംപോലെ നിൽക്കുകയാണ്. മരമുള്ളിടം വനമാകുമെന്ന് പറയുന്ന പുതിയ ഈ നിയമത്തിന്റെ മാറ്റം വന്നാൽ ചില നദികൾ തന്നെ വനമായി പോകുന്ന സ്ഥിതിയിലാണ് നിൽക്കുന്നത്. അതുകൊണ്ട് കേരളസമൂഹം ഏറ്റവും കൂടുതൽ മനഃസാക്ഷി അർപ്പിച്ച് പ്രവർത്തിക്കേണ്ട ഏറ്റവും തീവ്രമായ രംഗമാണിത് എന്നുള്ളതാണ് എന്റെ വിശ്വാസം. പക്ഷെ നമുക്ക് സാമ്പത്തിക പരിമിതിയുണ്ട്. ഇത് വളരെ സീരിയസ്സാണ്: ഈ സാമ്പത്തിക പരിമിതിക്കകത്ത് നിന്ന് നമുക്ക് മുന്നോട്ടു പോകുന്നതോടൊപ്പം കേരള ജനതയ്ക്ക് സമൂഹത്തിനുള്ളിൽ ഒരു കോൺസെൻസസ് ഉണ്ടാക്കിയെടുക്കാൻ കഴിയണം. നമ്മൾ ആരംഭിച്ച പ്രവർത്തനങ്ങൾ തുടർന്നുപോകണം. കേരളത്തിൽ തുടർ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നുള്ളതാണ് ഇന്നത്തെ പ്രശ്നം. അതുകൊണ്ട് ഇത് കണ്ടശ്ശിയായി പോകാതെ തുടർ പ്രവർത്തനത്തോടുകൂടി കേരളത്തിലെ നദികളെ സംരക്ഷിക്കുന്നതിനു വേണ്ടി കേരള സമൂഹത്തിന്റെ മനഃസാക്ഷി ഉണർത്തുന്നതിനുവേണ്ടി നമുക്കൊരുമിച്ച് യത്നിക്കാം. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ 9 തടയണകൾ നിർമ്മിക്കുന്നതിനു വേണ്ടി screening committee-ക്ക് കൊടുത്തിട്ടുണ്ട്. അത് കൂടാതെത്തന്നെ ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും ഇവിടെ ഗവൺമെന്റിന് സാമ്പത്തിക പരിമിതികൾ ധാരാളമുണ്ട്. നമുക്കൊരു അവെയർനസ്സും ഇംപ്ലിമെന്റേഷനും ഇതുരണ്ടുംകൂടി ഒരുമിച്ച് ചെയ്യുന്നതിനുവേണ്ടി പരിശ്രമം നടത്താം.

## (16) ന്യൂമാഹി ഗ്രാമത്തിലെ വാണ്കണ്ടം-കോവിലകം റോഡും ചൊക്ലി ഗ്രാമപഞ്ചായത്തിലെ നാരായണൻ പറമ്പ്-മോന്താൽക്കടവ് റോഡും നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. കെ. പി. മോഹനൻ : സർ, അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറഞ്ഞ പ്രദേശങ്ങളാണ് കണ്ണൂർ ജില്ലയിലെ കായൽ പ്രദേശങ്ങൾ. മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളും ചെയ്ത് ജീവിക്കുന്ന ഈ പ്രദേശങ്ങളിലുള്ള ജന വിഭാഗത്തിന്റെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യമായ ഗതാഗതത്തിന് ആവശ്യമായ റോഡുകൾ ഇല്ല. ഫിഷറീസ് വകുപ്പ് ഈ മേഖലയ്ക്ക് റോഡുകൾ അനുവദിക്കുമെന്ന് മനസ്സിലാക്കി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പു മന്ത്രിക്ക് 4 വർഷം മുമ്പ് നിവേദനം നൽകിയപ്പോൾ ഇതിനായി ഉടൻ ഫണ്ട് അനുവദിക്കുമെന്ന് പറഞ്ഞുവെങ്കിലും ഇതുവരെ ഫണ്ട് അനുവദിച്ചിട്ടില്ല. എന്റെ നിയോജക മണ്ഡലത്തിലെ കായൽ പ്രദേശമായ ചൊക്ലി പഞ്ചായത്തിലെ നാരായണൻപറമ്പ്-മോന്താൽക്കടവ് റോഡും മാഹികായലിന്റെ വാണ്കണ്ടം-കോവിലകം റോഡും ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെ നിർമ്മിക്കാൻ വേണ്ട ഫണ്ട് അനുവദിക്കണമെന്നാണ് എന്റെ സബ്മിഷൻ.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) : സർ, സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലുള്ള പാവപ്പെട്ട തൊഴിലാളികൾ ജീവിക്കുന്ന പ്രദേശങ്ങളുമായും അവർ ജോലി ചെയ്യുന്ന ഹാർബർ ലാന്റിംഗ് സെന്റേഴ്സ്, മത്സ്യബന്ധന മാർക്കറ്റുകൾ എന്നിവയുമായും ബന്ധപ്പെടുത്തി ഫിഷറീസ് റോഡ് നിർമ്മിക്കുന്നതിന് നബാർഡ് സഹായത്തോടുകൂടി 20 കോടി രൂപയുടെ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ നബാർഡിന്റെ നിലവിലുള്ള നിബന്ധനയനുസരിച്ച് 6 മീറ്റർ വീതി മേൽ പ്രസ്താവിച്ച റോഡുകൾക്ക് ഇല്ല എന്ന കാരണത്താൽ നബാർഡ് അനുമതി നൽകുകയുണ്ടായില്ല. ഫിഷറീസ് റോഡുകളിലും മത്സ്യത്തൊഴിലാളി മേഖലയിലും മത്സ്യത്തൊഴിലാളികളുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ആറ് മീറ്റർ വീതിയെന്ന നിബന്ധനയിൽ ഇളവുവരുത്തി ഒരു പ്രത്യേക പദ്ധതിയായി നബാർഡ് ഇത് അനുവദിക്കണമെന്ന് നബാർഡിന്റെ മുംബൈയിലുള്ള ഹെഡ് ആഫീസിലും തിരുവനന്തപുരം റീജിയണൽ ആഫീസിലും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ കഴിഞ്ഞ തിങ്കളാഴ്ച നബാർഡിലെ ഉദ്യോഗസ്ഥരെ കേരളത്തിൽ വിളിച്ചുവരുത്തി ചർച്ച നടത്തിയപ്പോൾ സർക്കാർ കടം എടുക്കുന്നത് തിരിച്ചടയ്ക്കേണ്ടതാണ് ; കടമെടുക്കുന്ന കാര്യത്തിൽ നബാർഡ് ഇങ്ങനെയുള്ള നിബന്ധനകൾ വയ്ക്കാൻ പാടില്ല ; ഏറ്റവും പിന്നോക്കം നിൽക്കുന്ന മേഖലയെന്നുള്ള നിലയ്ക്ക് ഇത് അനുവദിക്കണമെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ 10 ദിവസത്തിനകം അനുകൂലമായ തീരുമാനം എടുക്കാമെന്ന് നബാർഡ് പറഞ്ഞിരിക്കുകയാണ്. അങ്ങനെ തീരുമാനമുണ്ടായാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കണ്ണൂർ ജില്ലയിലെ വാണ്കണ്ടം-കോവിലകം റോഡിനുവേണ്ടി 6.7 ലക്ഷം രൂപയും നാരായണൻപറമ്പ്-മോന്താൽക്കടവ് റോഡിനു വേണ്ടി 12 ലക്ഷം രൂപയും അനുവദിക്കുന്നതാണ്. ഈ രണ്ട് റോഡുകളും നബാർഡിന്റെ അനുമതി കിട്ടിയാൽ ആരംഭിക്കുമെന്ന് ഉറപ്പ് നൽകുകയാണ്.

## (17) മരുന്നുമാറി കുത്തിവച്ചതുമൂലം മരണമടഞ്ഞ ശ്യാമിന്റെ കുടുംബത്തിന് ധനസഹായം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, എല്ലാപേരെയും ദുഃഖിപ്പിച്ച സംഭവമാണ് മരുന്നുമാറി കുത്തിവച്ച് ശ്യാം എന്ന കുട്ടി മരണപ്പെട്ടത്. അതിന്റെ വിശദാംശങ്ങളിലേക്ക് സമയക്കുറവുകൊണ്ട് കടക്കുന്നില്ല. ഈ സംഭവം സംബന്ധിച്ച് അടിയന്തിരമായി ഒരു ഉന്നതതല അന്വേഷണം നടത്തണം. ആ കുടുംബത്തിന് 5 ലക്ഷം രൂപ അടിയന്തിര സഹായമായി ഉടനെ കൊടുക്കണം. ശ്യാമിന്റെ അമ്മ 32 വയസ്സുള്ള ശൈലജയ്ക്ക് ജോലി നൽകുമെന്ന് ജില്ലാ കളക്ടർ ഇന്നലെ ഞങ്ങൾക്ക് എഴുതി ഉറപ്പ് നൽകിയിട്ടുണ്ട്. അടിയന്തിരമായി ഒരു മാസത്തിനുള്ളിൽ ജോലി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഒന്നര വയസ്സുള്ള ലക്ഷ്മിക്ക് എച്ച്.ഐ.വി. ബാധിച്ചപ്പോൾ അമ്മയ്ക്ക് ജോലി കൊടുക്കുമെന്ന് പറഞ്ഞിട്ട് മാസങ്ങൾ പലതു കഴിഞ്ഞു. ഇന്നേവരെ കൊടുത്തിട്ടില്ല. ആ അവസ്ഥ ശൈലജയ്ക്ക് ഉണ്ടാകരുത്. ഒരു മാസത്തിനുള്ളിൽ ജോലി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.



LIBRARY ARCHIVES Kerala Legislative Assembly